"ഭരണഭാഷ– മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തിരുവല്ല മുനിസിപ്പാലിറ്റി ശതാബ്ദി ആഘോഷത്തിന് മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

**സ.ഉ.(സാധാ) നം.491/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:– 1 തിരുവല്ല മുനിസിപ്പാലിറ്റിയിൽ 30/11/2019 തീയതി നടന്ന കൗൺസിലിലെ 17–ാം നമ്പർ തീരുമാനം.

2 തിരുവല്ല മുനിസിപ്പൽ ചെയർമാന്റെ 16/01/2020 ലെ കത്ത്.

## ഉത്തരവ്

തിരുവല്ല നഗരസഭാ രൂപീകൃതമായിട്ട് 2020 ൽ 100 വർഷം പൂർത്തീകരിക്കുകയാണെന്നും, തിരുവല്ല നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങൾക്കായി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവ് ചെയ്യുന്നതിന് അനുമതിക്കായി പരാമർശം 1 ലെ കൗൺസിൽ തീരുമാനം സഹിതം പരാമർശം 2 പ്രകാരം മുൻസിപ്പൽ ചെയർമാൻ അപേക്ഷിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങൾക്കായി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 5,00,000/– രൂപ (അഞ്ചു ലക്ഷം രൂപ) ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/ചെയർപേഴ്സൺ, തിരുവല്ല നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SMITHA B CHANDRA
Date: 2020.02.28 11:36:13 IST
Reason: Approved

സെക്ഷൻ ഓഫീസർ